# സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

**ശബരിമല, പമ്പ,നിലക്കൽ ദേവസ്വങ്ങളിൽ 1202-ാമാണ്ടത്തെ (2026 - 2027) അടിയന്തിരങ്ങളോടനുബന്ധിച്ച് പ്രസാദം തയ്യാർ ചെയ്യുന്നതിനുള്ള കരാർ എന്നിവയ്ക്കുള്ള ടെന്റർ**

ശബരിമല, പമ്പ, നിലയ്ക്കൽ ദേവസ്വങ്ങളിൽ കൊല്ലവർഷം 1202–ാം മാണ്ടത്തെ മണ്ഡലം – മകരവിളക്ക്, മേടവിഷു, മാസപൂജ, മറ്റ് അടിയന്തിരങ്ങളോടനുബന്ധിച്ച് ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് പൊതു നിബന്ധനകൾക്കും, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായി ടെന്റർ ക്ഷണിക്കുന്നു.

## പാർട്ട് –1

**ശബരിമലദേവസ്വത്തിലെ അരവണ പ്രസാദം തയ്യാർ ചെയ്യുന്നതിനുള്ള കരാർ ടെന്റർ**

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| മണ്ഡലം – മകരവിളക്ക് മേടവിഷു, മാസപൂജ, മറ്റ് ദിവസങ്ങൾ | 1,00,000/– | 2,00,000/– |

## പാർട്ട് –2

**നിലയ്ക്കൽ ദേവസ്വത്തിലെ അരവണ പ്രസാദം തയ്യാർ ചെയ്യുന്നതിനുള്ള കരാർ ടെന്റർ**

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| മണ്ഡലം – മകരവിളക്ക് മേടവിഷു, മാസപൂജ, മറ്റ് ദിവസങ്ങൾ | 50,000/– | 1,00,000/– |

# പൊതു നിബന്ധനകൾ

1. ടെന്റർ നിബന്ധനകൾക്കൊപ്പം ടെന്റർ ചെയ്യുന്ന ഇനങ്ങളുടെ വിശദ വിവരം കാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ഇ–ടെന്ററിൽ പങ്കെടുക്കുന്നവർ https://etenders.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ–ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ–ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യേണ്ട തുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഇ–ടെൻഡർ ഓപ്പൺ ചെയ്യുന്ന തീയതി വെബ്സൈറ്റിൽ രേഖപ്പെടുത്തിയിരിക്കും. തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (ആധാർ ,പാൻ കാർഡ് ) സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടെന്ററിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവർക്ക് fssai ലൈസൻസ്, ജി.എസ്.ടി രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേതാണ്. ആയവയുടെ പകർപ്പ് ടെന്ററിനോടൊപ്പം സമർപ്പിക്കേതാണ്. അപ്പം, അരവണ നിർമ്മാണ ടെന്ററിൽ പങ്കെടുക്കുന്ന കരാറുകാർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എക്സ്പീരിയൻസ് തെളിയിക്കുന്നതിനുള്ള രേഖ എന്നിവ ടെന്ററിനോടൊപ്പം ഹാജരാക്കേതാണ്. മുൻ കുടിശ്ശികക്കാരും ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടവരും യാതൊരു കാരണവശാലും ടെന്ററിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. ടി നിർദ്ദേശം ലംഘിച്ച് ടെന്ററിൽ പങ്കെടുക്കുന്നവരുടെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേക്ക് മുതൽ കൂട്ടുന്നതും, അവരുടെ ടെന്റർ നിരാകരിക്കുന്നതുമാണ്. ടെന്ററിൽ പങ്കെടുക്കുന്നവർ 1000/– +GST രൂപ (അഞ്ഞൂറ്) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ് ടി. തുക തിരികെ ലഭിക്കുന്നതല്ല. ഓരോ ഐറ്റത്തിനും നേരെ അതാത് ഐറ്റത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ടി. തുക കാലാവധിക്ക് ശേഷം മറ്റാക്ഷേപം / ബാധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചുനൽകുകയുള്ളു. നിരതദ്രവ്യം കുത്തക ഏറ്റെടുക്കാനുദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിൽ നിന്നും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓരോ ഇനത്തിന്റെയും ടെന്ററുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെന്റർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായിതന്നെ അവരുടെ അക്കൗണ്ടിൽ തിരികെ ലഭിക്കുന്നതാണ്.

2. ഡബിൾ കവർ, ഇംഗ്ലീഷ് വേർഷൻ ടെന്ററുകൾ 23/09/2026 പകൽ 10 മണിക്ക് മുൻപായി തിരുവനന്തപുരത്ത് നന്തൻകോടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിതസമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെന്ററുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ അടക്കം ചെയ്ത കവറിന്റെ പുറത്ത് ഇന്ന ഐറ്റത്തിലുള്ള ടെന്റർ എന്നുമാത്രം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ടെന്ററിനോടൊപ്പം അതാത് ഐറ്റങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം പണമായോ, ശബരില എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവണ്ണം ഡിമാൻഡ് ഡ്രാഫ്റ്റായോ (ക്രോസ് ചെയ്ത്) അടക്കം ചെയ്തിരിക്കണം. (ഓപ്പൺ ലേലം നടത്തുന്ന ഇനങ്ങൾക്ക് മാത്രം ഈ ഖണ്ഡിക ബാധകം).

3. ടെന്ററുകൾ 24/09/2026 തീയതി പകൽ 10 മണിക്ക് തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെയും, സാമ്പിൾ ഹാജരാക്കേണ്ട ഇനങ്ങൾക്ക് ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. ടെന്ററിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ജി.എസ്.ടി യും ഉൾപ്പെടെയുള്ളതായിരിക്കണം. ടി തുക ലേല സമയത്തുതന്നെ മൊത്തമായി ഒടുക്കു വരുത്തേണ്ടതാണ്.
6. നിലയ്ക്കൽ ആവശ്യമുള്ള സാധനങ്ങൾ നിലയ്ക്കലിലും, പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും മറ്റ് സാധനങ്ങൾ ശബരിമല ദേവസ്വം മെയിൻ സ്റ്റോറിലും സപ്ലൈ ചെയ്യേണ്ടതാണ്.
7. ടെന്റർ നിരക്കുകൾ ടെന്റർ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
8. ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്. ഏതെങ്കിലും സാഹചര്യത്തിൽ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവ് കുറവ് ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റിനു അധികാരം ഉണ്ടായിരിക്കുന്നതാണ്.
9. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ, അതിലുപരിയോ ആയിരിക്കേണ്ടതാണ്. ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ ഭക്ഷ്യസുരക്ഷാ പരിശോധനയിൽ റിജെക്റ്റ് ചെയ്താലോ ഭക്ഷ്യസുരക്ഷാ വകുപ്പ് പിടിച്ചെടുത്തലോ അതിന് കരാറുകാർ മാത്രം ഉത്തരവാദികളായിരിക്കും.
10. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകാരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ങ്ങൾക്കും വീഴ്ചവരുത്തിയ ടെന്ററുകാരൻ മാത്രം പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.
11. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ആകെവിലയുടെ 10% വരുന്നതുകയോ സ്പെഷ്യൽ നിബന്ധനകളിലെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന സെക്യൂരിറ്റി തുകയോ എന്നിവയിൽ ഏതാണോ കൂടുതൽ ആയത് ക്യാഷ് ആയോ ബാങ്ക് ഗ്യാരണ്ടിയോ ആയോ ടെന്ററുകാരൻ കുത്തകയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി സെക്യൂരിറ്റിയായി ഹാജരാക്കേണ്ടതാണ്.
12. ടെന്റർ ഏറ്റെടുക്കുന്നവർ നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തപക്ഷം കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും, ഉചിതമായ മറ്റ് ക്രമീകരണം ഡിപ്പാർട്ട്മെന്റ് സ്വീകരിക്കുന്ന

തുമാണ്. തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങളും റദ്ദ് ചെയ്യപ്പെട്ട കാരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതുമായിരിക്കും.

13. ടെന്റർ സ്വീകരിക്കുന്നതിനും, നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാര അവകാശമുണ്ടായിരിക്കുന്നതാണ്.

14. ടെന്റർ ഏറ്റെടുത്തവർ യാതൊരു കാരണവശാലും കരാർ അവകാശം കൈമാറുവാനോ കീഴ്കുത്തക കൊടുക്കുവാനോ പാടുള്ളതല്ല.

15. കരാർ / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്.

16. കരാർ / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം ജില്ലയിലെ കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

17. കരാറുകൾക്ക് സെക്യൂരിറ്റിയായി അടയ്ക്കുന്ന തുകകൾ കരാർ പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴ്ചയിൽ ഡിപ്പാർട്ടുമെന്റിന് സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്ന പക്ഷം ബാക്കി തുക കരാറുകാരന് നൽകേണ്ട പേമെന്റിൽനിന്നും ഈടാക്കുന്നതായിരിക്കും. അപ്രകാരവും കഴിയാതെ വന്നാൽ ഈടാക്കേണ്ട തുകയ്ക്ക് റവന്യൂ റിക്കവറിയിലൂടെയോ, സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകാരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. വഴിപാട് പ്രസാദ നിർമ്മാണത്തിന് കോൺട്രാക്ട് ഏറ്റെടുക്കുന്ന കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികളുടെ പ്രായം 65 വയസ്സിൽ കൂടാൻ പാടില്ലാത്തതും ഹിന്ദു വിഭാഗത്തിൽപ്പെട്ടവരായിരിക്കേണ്ടതുമാണ്. ടി തൊഴിലാളികൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമായും കൈവശം സൂക്ഷിച്ചിരിക്കേണ്ടതാണ്.

19. വഴിപാട് പ്രസാദ നിർമ്മാണത്തിന് ടെന്റർ സമർപ്പിക്കുന്നവർ കൂട്ട് ഒന്നിന് എന്ന ക്രമം വേണം തുക ക്വാട്ട് ചെയ്യേണ്ടത്.

## <u>സ്പെഷ്യൽ നിബന്ധനകൾ</u>

## <u>ശബരിമല ദേവസ്വം അരവണ നിർമ്മാണത്തിനുള്ള നിബന്ധന</u>

01–10–2026 മുതൽ 30–09–2027 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ പ്രസാദമായ അരവണ തയ്യാറാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം.

1. 01–10–2026 മുതൽ 30–09–2027 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം മകരവിളക്ക്, മേടവിഷു, മാസപൂജ വിശേഷാൽ പൂജകൾ എന്നിവയോടനുബന്ധിച്ച് നട തുറക്കുന്ന എല്ലാ അവസരങ്ങളിലും ബഫർ സ്റ്റോക്ക് പ്രൊഡക്ഷൻ ആവശ്യമായി വരുന്ന എല്ലാ അവസരങ്ങളിലും

എക്സിക്യൂട്ടീവ് ഓഫീസറുടെയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയോ നിർദ്ദേശാനുസരണം ശബരിമല ദേവസ്വം വഴിപാട് പ്രസാദമായ അരവണ തയ്യാറാക്കേണ്ടതാണ്.

2. മണ്ഡലം മകരവിളക്ക് (ബഫർ സ്റ്റോക്ക് നിർമ്മാണം ഉൾപ്പെടെ) മേടവിഷു, മാസപൂജ മറ്റ് അടിയന്തിരങ്ങൾ എന്നിവയ്ക്ക് അരവണ പാകം ചെയ്യുന്നതിന് കൂട്ട് ഒന്നിന് എന്ന ക്രമത്തിൽ ക്വാട്ട് ചെയ്യേണ്ടതാണ്.

3. കൂട്ട് ഒന്നിന് പരമാവധി 280 രൂപ വരെയാണ് ക്വാട്ട് ചെയ്യാനാവുക. ഏറ്റവും കുറഞ്ഞ നിരക്കിലെ ക്വാട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാപ്തി പരിശോധന കൂടി നടത്തിയ ശേഷമാകും കരാർ അനുവദിക്കുക. കൂട്ട് ഒന്നിന് എല്ലാ നികുതികളും അടക്കമുള്ള തുകയാണ് ക്വാട്ട് ചെയ്യേണ്ടത്. പരമാവധി നിരക്കിൽ അധികരിച്ച് തുക ക്വാട്ട് ചെയ്യുന്ന പക്ഷം അപ്രകാരമുള്ള ടെൻഡർ നിരാകരിക്കുന്നതാണ്.

4. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ആളെ നെഗോസിയേഷൻ നടത്തി ടെൻഡർ അനുവദിക്കുന്നതാണ്.

5. അരവണ ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള അളവിൽ ചേരുവകൾ ചേർത്ത് ആവശ്യാനുസരണം ജോലിക്കാരെ നിയോഗിച്ച് തയാർ ചെയ്ത് കൂളിംഗ് ചേമ്പറിലേക്ക് പമ്പ് ചെയ്ത് നൽകേണ്ടതാണ്.

6. അരവണ തയ്യാറാക്കുന്നതിന് അടുപ്പുകളും, ആയത് പ്രവർത്തിവക്കുന്നതിനുള്ള ഇന്ധനവും (കൂട്ട് ഒന്നിന് 14kg LPG) ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്.

7. അരവണ തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കേണ്ട ഉത്തരവാദിത്വം കാരാറുകാരനുള്ളതാണ്. ഇക്കാര്യത്തൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടം സംഭവിച്ചാൽ ആയതിന്റെ പരിപൂർണ്ണ ബാദ്ധ്യത കുത്തകക്കാരനായിരിക്കും.

8. അരവണ തയ്യാറാക്കുന്നതിന് ആവശ്യമായ ചേരുവകൾ ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽ നിന്നും കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ ടിയാൻ നിയോഗിക്കുന്ന തൊഴിലാളികൾ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേണ്ടതാണ്. സ്റ്റോർ റൂമിലേയ്ക്ക് കയറ്റി ഇറക്കു ജോലികൾക്കും സ്റ്റോറിൽ നിന്നും അരവണ നിർമ്മാണ യൂണിറ്റിലേക്ക് ചുമന്ന് കൊണ്ടുപോകുന്നതിനും മറ്റും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തി തന്നെ ആൾക്കാരെ നിയോഗിക്കേണ്ടതാണ്.

9. എക്സിക്യൂട്ടീവ് ഓഫീസറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ നിർദ്ദേശിക്കുന്നതി ന്നതനുസരിച്ച് ശബരിമല അരവണ പ്ലാന്റിൽ സജ്ജീകരിച്ചിട്ടുള്ള അടുപ്പുകളിൽ, ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് **968** ൽ കുറയാതെ അരവണ കണ്ടെയ്നർ ലഭിക്കത്തക്കവിധം അരവണ തയ്യാറാ ക്കേണ്ടതും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ /സ്പെഷ്യൽ ഓഫീസറെ ഏൽപ്പിക്കേ ണ്ടതുമാണ്. **968** എണ്ണത്തിൽ കൂടുതലായി അരവണ ലഭിക്കുമെന്ന പക്ഷം

അധികം വരുന്ന അരവണയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ / സ്പെഷ്യൽ ഓഫീസറെ ഏൽപ്പിക്കേതാണ്.

10. മണ്ഡലം മകരവിളക്ക് സീസൺ കാലയളവിൽ പ്രതിദിനം **300** കൂട്ടും മേടവിഷു കാലയളവിൽ പ്രതിദിനം **80** കൂട്ടും മാസപൂജകളിൽ പ്രതിദിനം **65** കൂട്ടും അരവണ ഉൽപ്പാദനം പ്രതീക്ഷിക്കുന്നു. എന്നാൽ ഇവ പ്രതീക്ഷിത കണക്കാക്കയാൽ കൂട്ടിന്റെ എണ്ണത്തിൽ കൂടുതൽ കുറവ് വരാവുന്നതും ഈ കണക്കുകൾ ഉദ്ദരിച്ച് കരാറുകാരൻ കരാർ നടത്തിപ്പുമായി ബന്ധപ്പെട്ട് യാതൊരു അവകാശ വാദവും ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ്.

11. കരാർ ഏറ്റെടുക്കന്ന ആളോ, ടിയാൻ എക്സിക്യൂട്ടീവ് ഓഫീസറുടെ അനുവാദത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അരവണ തയ്യാറാക്കുന്ന അവസരങ്ങളിൽ ശബരിമല ദേവസ്വത്തിൽ സന്നിഹിതനായിരിക്കണം. കരാർ എടുക്കുന്ന ആളോ ചുമതലപ്പെടുത്തുന്ന ആളോ ഏതെങ്കിലും അവസരത്തിൽ ഡിപ്പാർട്ടുമെന്റിൽ കരാർ എടുക്കുന്നതിന് വിലക്കിയിട്ടുള്ളതോ കരിമ്പട്ടികയിൽപ്പെട്ട ആളോ കുടിശ്ശികക്കാരനോ ആയിരിക്കാൻ പാടില്ല.

12. ശബരിമല നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമായ അരവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി ഏൽപ്പിക്കേണ്ടതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

13. അരവണ തയ്യാറാക്കുന്നതിന് 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 3 ഷിഫ്റ്റുകളായി മതിയായ എണ്ണം തൊഴിലാളികളെ കരാറുകാരൻ നിയോഗിക്കേണ്ടതാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുള്ള ഭക്ഷണവും, ലഭ്യമായ താമസ സൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

14. അരവണ തയ്യാറാക്കൽ മേൽ വിവരിച്ച പകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ളപക്ഷം) തുടർച്ചയായി നിർവ്വഹിക്കേണ്ടതും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേണ്ടതാണ്.

15. 01–10–2026 നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അരവണ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, കാരകൾ, അരവണ ശേഖരിക്കേണ്ട പാത്രങ്ങൾ, തറ ഭാഗങ്ങൾ എന്നിവിടങ്ങൾ എല്ലാം കാരം, ചൂട് വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിടെയും ചിലന്തിവലയും മറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇത്തരത്തിൽ യൂണിറ്റ് ശുചീകരിക്ക പ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന "ക്ലീനിങ്ങ് സർട്ടിഫിക്കറ്റ്" എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തുന്ന

ഉദ്യോഗസ്ഥനിൽ നിന്നോ ഓരോ തവണയും അരവണ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് നേടിയിരി ക്കേണ്ടതാണ്. പരിശോധനാ ഉദ്യോഗസ്ഥന്മാർ എപ്പോൾ ആവശ്യപ്പെട്ടാലും പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ പകർപ്പു കാണിച്ച് ബോദ്ധ്യപ്പെടുത്താൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അതാത് പ്രാവശ്യത്തെ ആദ്യ ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമെ ബില്ല് അംഗീകരിച്ച് നൽകുകയുള്ളു.

16. അരവണ പ്ലാന്റിൽ ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈകളിൽ കൈയ്യുറയും മാസ്ക്കും ധരിക്കേണ്ടതുമാണ്.

17. അരവണ തയ്യാർ ചെയ്യുന്നതിന് അവകാശം ലഭിച്ചിട്ടുള്ള കരാറുകാരന് കീഴിൽ ജോലിയിലുള്ള എല്ലാ തൊഴിലാളുകൾക്കും നിർബന്ധമായും ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ **Health Card** ഉണ്ടായിരിക്കേണ്ടതാണ്. ഇത് കരാർകാരൻ ഉറപ്പ് വരുത്തേണ്ടതാണ്. ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷ വകുപ്പ് എന്നിവർ നിർദ്ദേശിക്കുന്ന എല്ലാ നിബന്ധനകളും പാലിച്ചിരിക്കേണ്ടതുമാണ്. കരാറുകാരൻ **FSSAI license** എടുത്തിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും ഹെൽത്ത് കാർഡ് ഇല്ലാത്ത തൊഴിലാളികളെ പ്ലാന്റിൽ പ്രവേശിപ്പിക്കുന്നതല്ല.
18. അരവണ പാചകം ചെയ്യുന്ന സ്ഥലവും പരിസര പ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. യാതൊരുവിധ ലഹരി പദാർത്ഥകങ്ങളും ആരുംതന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാര്യം ഉറപ്പു വരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
19. ടി ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിക്കുന്നവർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.
20. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് താൽക്കാലിക തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വാസികളും, ക്ഷേത്രാചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവരും ആയിരിക്കേണ്ടതാണ്. നിയേഗിക്കപ്പെടുന്ന തൊഴിലാളികളുടെ ആധാർ, ഫോട്ടോ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ എക്സിക്യൂട്ടീവ് ഓഫീസറെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

21. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ ശബരിമലയിൽ എത്തിച്ചേർന്നു കഴിഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരു വിധ പ്രവർത്ത നങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

22. കരാറിന്റെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കരാർ പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരത്രദവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽ നിന്നും ഈടാക്കുന്നതായിക്കും. അപ്രകാരം കഴിയാതെ വന്നാൽ റവന്യു റിക്കവറി നടപടികളിലൂടെയോ സിവിലായോ,

ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടികളിലൂടെയോ കരാറുകാരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

23. ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആ വിഷയത്തിൽ ദേവസ്വം ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.
24. അരവണ തയ്യാറാക്കുന്നതിന് പ്രാപ്തിയുള്ളവരെ മാത്രം കരാറുകാരൻ നിയോഗിക്കേതാണ്. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് കരാറുകാരന് സാധിക്കാതെ വരുന്ന പക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

25. തയാർ ചെയ്യുന്ന അരവണയുടെ മോയ്സ്ച്ചർ കണ്ടെന്റ് ഭക്ഷ്യ സുരക്ഷാ വകുപ്പിലെ നിയന്ത്രിതമായ അളവുകളിൽ ആയിരിക്കേണ്ടതാണ്. ആയത് അധികരിക്കുന്ന പക്ഷം നിർമ്മാണ തുക നൽകുകയില്ലാത്തതും ഡിപ്പാർട്ടുമെന്റിന് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

26. അരവണ തയ്യാർ ചെയ്യുന്നതിലെ അപാകതമൂലം ദേവസ്വം ബോർഡിന് ഏതെങ്കിലും തരത്തിൽ നഷ്ടമുണ്ടായാൽ ആയത് കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ സൽപ്പേരിന് (Goodwill) ഉണ്ടാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകാൻ കരാറുകാരൻ ബാധ്യസ്ഥനുമാണ്.
27. ശബരിമല ദേവസ്വത്തിലെ അരവണ നിർമ്മാണം പൂർണ്ണമായി യന്ത്രവൽകരിക്കുന്ന കാലയളവ് വരെ മാത്രമായിരിക്കും കരാർ അവകാശം ഉണ്ടായിരിക്കുക. യന്ത്ര വൽകരണ അരവണ നിർമ്മാണം ആരംഭിക്കുന്ന മുറയ്ക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മുറയ്ക്കും കോൺട്രാക്റ്റ് അസാധുവാകുന്നതാണ്. ഇതിന്മേൽ കരാറുകാരന് മറ്റ് തടസ്സവാദങ്ങൾ ഉന്നയിക്കുന്നതിനോ, വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതിനോ യാതൊരു അവകാശവും ഇല്ലാത്തതാണ്. ടെന്ററിനൊടൊപ്പം ചുവടെ വിവരിക്കുന്ന പ്രകാരമുള്ള തുകയുടെ ഇം.എം.ഡി ഹാജരാക്കേണ്ടതും ടെന്റർ ലഭിക്കുന്നപക്ഷം മേൽ സ്റ്റേറ്റുമെന്റിൽ വിവരിക്കുന്ന ക്രമത്തിൽ സെക്യൂരിറ്റി തുകയും ഹാജരാക്കേണ്ടതുമാണ്.
28. കുത്തക / ടെന്റർ എടുക്കുന്ന വ്യക്തിയക്ക് ശബരിമലയിലോ മറ്റ് പ്രധാന ക്ഷേത്രങ്ങളിലോ കുത്തക ഏറ്റെടുത്ത് നടത്തി കുറഞ്ഞത് ഒരു വർഷമെങ്കിലും മുൻ പരിചയം ഉണ്ടായിരിക്കേണ്ടതും ആയത് തെളിയിക്കുന്ന രേഖകൾ ടെൻഡെറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 19.നിലയ്ക്കൽ ദേവസ്വം അരവണ നിർമ്മാണത്തിനുള്ള നിബന്ധന

10–11–2026 മുതൽ 31–10–2027 വരെയുള്ള കാലയളവിൽ നിലയ്ക്കൽ ദേവസ്വത്തിലെ പ്രസാദമായ അരവണ തയ്യാറാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം.

1. 10–11–2026 മുതൽ 31–10–2027 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം മകരവിളക്ക്, മേടവിഷു, മാസപൂജ വിശേഷാൽ പൂജകൾ എന്നിവയോ ടനുബന്ധിച്ച് നട തുറക്കുന്ന എല്ലാ അവസരങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിർദ്ദേശാനുസരണം നിലയ്ക്കൽ ദേവസ്വം വഴിപാട് പ്രസാദമായ അരവണ തയ്യാറാക്കി നിലക്കൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

2. ഒരു കൂട്ട് അരവണയ്ക്ക് 40 കിലോഗ്രാം ഉണക്കലരി, 200 കിലോഗ്രാം ശർക്കര, 8 കിലോ നെയ്യ്, 300 ഗ്രാം ഏലക്കപ്പൊടി, മുന്തിരി (1 കിലോ നെയ്യിൽ വറുത്തത്), കൽക്കണ്ടം 2 കിലോ, ചുക്ക് പൊടി 390 ഗ്രാം, ജീരക പൊടി 300 ഗ്രാം, നാളികേരം 10 എണ്ണം നെയ്യിൽ വറുത്തത്, എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസരണം ആൾക്കാരെ നിയോഗിച്ച് അരവണ തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

3. അരവണ തയ്യാറാക്കുന്നതിന് അടുപ്പുകളും, ആയത് പ്രവർത്തിവക്കുന്നതിനുള്ള ഇന്ധനവും (കൂട്ട് ഒന്നിന് 14kg LPG) ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്.

4. അരവണ തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനുള്ളതാണ്. ഇക്കാര്യത്തൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടം സംഭവിച്ചാൽ ആയതിന്റെ പരിപൂർണ്ണ ബാദ്ധ്യത കരാറുകാരനായിരിക്കും.

5. അരവണ തയ്യാറാക്കുന്നതിന് ആവശ്യമായ ടി ചേരുവകൾ ഡിപ്പാർട്ടുമെന്റിൽ നിന്നും യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതും, ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേണ്ട തുമാണ്. എന്നാൽ നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിർദ്ദേശിക്കുന്ന വേളകളിൽ ചേരുവകൾ എത്തിക്കുന്നതിന് ബോർഡിന്റെ സ്റ്റോർ റൂമിലേയ്ക്ക് കയറ്റി ഇറക്കു ജോലികൾക്കും സ്റ്റോറിൽ നിന്നും അരവണ നിർമ്മാണ യൂണിറ്റിലേക്ക് ചുമന്ന് കൊണ്ടുപോകുന്നതിനും മറ്റും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തി തന്നെ ആൾക്കാരെ നിയോഗിക്കേണ്ടതാണ്.

6. നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോ, ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിന്നതനുസരിച്ച് മുൻകൂട്ടി നിലയ്ക്കൽ എത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതിപാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 1080 അരവണ ലഭിക്കത്തക്കവിധം അരവണ തയ്യാറാക്കേണ്ടതും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ /സ്പെഷ്യൽ ഓഫീസറെ ഏൽപ്പിക്കേണ്ടതുമാണ്. 1080 എണ്ണത്തിൽ കൂടുതലായി അരവണ

ലഭിക്കുമെന്ന പക്ഷം അധികം വരുന്ന അരവണയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ/സ്പെഷ്യൽ ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.

7. കരാർ ഏറ്റെടുക്കന്ന ആളോ, ടിയാൻ എക്സിക്യൂട്ടീവ് ഓഫീസറുടെ അനുവാദ ത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അരവണ തയ്യാറാക്കുന്ന അവസരങ്ങളിൽ നിലയ്ക്കൽ ദേവസ്വത്തിൽ സന്നിഹിതനായിരിക്കണം. കരാർ എടുക്കുന്ന ആളോ ചുമതലപ്പെടുത്തുന്ന ആളോ ഏതെങ്കിലും അവസരത്തിൽ ഡിപ്പാർട്ടുമെന്റിൽ കരാർ എടുക്കുന്നതിന് വിലക്കിയിട്ടുള്ളതോ കരിമ്പട്ടികയിൽപ്പെട്ട ആളോ കുടിശ്ശികക്കാരനോ ആയിരിക്കാൻ പാടില്ല.

8. ശബരിമല നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമയ അരവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാ നുസരണം തയ്യാറാക്കി ഏൽപ്പിക്കേണ്ടതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്കും പരിശോധന ഏജൻസികൾക്കും അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

9. അരവണ തയ്യാറാക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 3 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിക്കേണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കുന്ന വർക്കുള്ള ഭക്ഷണവും, ലഭ്യമായ താമസ സൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

10. അരവണ തയ്യാറാക്കൽ മേൽ വിവരിച്ച പകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ളപക്ഷം) തുടർച്ചയായി നിർവ്വഹിക്കേണ്ടതും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥ ന്മാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെടുത്തു ന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേണ്ടതാണ്.

11. 09–11–2026 നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അരവണ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, കാരകൾ, അരവണ ശേഖരിക്കേണ്ട പാത്രങ്ങൾ, തറ ഭാഗങ്ങൾ എന്നിവകൾ എല്ലാം കാരം, ചൂട് വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിടെയും ചിലന്തിവലയും മറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇത്തരത്തിൽ യൂണിറ്റ് ശുചീകരിക്ക പ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന "ക്ലീനിങ്ങ് സർട്ടിഫിക്കറ്റ്" എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ വാങ്ങിച്ച് ഹാജരാക്കിയതിന് ശേഷം നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ യൂണിറ്റിലേക്ക് എത്തിച്ച് തരുകയുള്ളു. പരിശോധനാ ഉദ്യോഗസ്ഥന്മാർ എപ്പോൾ ആവശ്യപ്പെട്ടാലും പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ പകർപ്പു കാണിച്ച് ബോധ്യപ്പെടുത്താൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അതാത്

പ്രാവശ്യത്തെ ആദ്യ ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമെ ബില്ല് അംഗീകരിച്ച് നൽകുകയുള്ളു.

12. അരവണ പ്ലാന്റിൽ ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയും കൈകളിൽ കൈയ്യുറയും മാസ്ക്കും ധരിക്കേണ്ടതുമാണ്.

13. അരവണ തയ്യാർ ചെയ്യുന്നതിന് അവകാശം ലഭിച്ചിട്ടുള്ള കരാറുകാരൻ തന്റെ കീഴിൽ ജോലിയിൽ ഉള്ള എല്ലാ ജോലിക്കാർക്കും Health Card ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷ വകുപ്പ് എന്നിവർ നിർദ്ദേശിക്കുന്ന എല്ലാ നിബന്ധനകളും പാലിച്ചിരിക്കേണ്ടതുമാണ്. കരാറുകാരൻ FSSAI license എടുത്തിരിക്കേണ്ടതാണ്.

14. അരവണ പാചകം ചെയ്യുന്നതും, പായ്ക്ക് ചെയ്യുന്നതുമായ സ്ഥലവും പരിസര പ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. യാതൊരുവിധ ലഹരി പദാർത്ഥങ്ങളും ആരുംതന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാര്യം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

15. ടി ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിക്കുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കേതാണ്.

16. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വാസികളും, ക്ഷേത്രാചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവർ ആയിരി ക്കേണ്ടതും ടി ആളുകളുടെ വിശദ വിവരം ഫോട്ടോ സഹിതം മുൻകൂട്ടി എക്സിക്യൂട്ടീവ് ഓഫീസറെ അറിയിക്കേണ്ടതുമാണ്.

17. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ നിലയ്ക്കലിൽ എത്തിച്ചേർന്നു കഴിഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരു വിധ പ്രവർത്ത നങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

18. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയ റൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽ നിന്നും ഈടാക്കുന്നതായിക്കും. അപ്രകാരം കഴിയാതെ വന്നാൽ ഈടാക്കേണ്ട തുകയ്ക്ക് റവന്യൂ റിക്കവറിയിലൂടെയോ, സിവിലായോ, ക്രിമിനലായോ കേസ് ഫയൽ

ചെയ്തോ മറ്റു നടപടികളിലൂടെയോ കരാറുകാരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആ വിഷയത്തിൽ ദേവസ്വം ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.
20. അരവണ തയ്യാറാക്കുന്നതിന് പ്രാപ്തിയുള്ളവരെ മാത്രം കരാറുകാരൻ നിയോഗിക്കേണ്ടതാണ്. കൂടാതെ തൊഴിലാളികൾ ടി പ്രവർത്തികളിൽ മുൻപരിചയമുള്ളവരുമായിരിക്കണം. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് കരാറുകാരന് സാധിക്കാതെ വരുന്ന പക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
21. അരവണ തയ്യാർ ചെയ്യുന്നതിലെ അപാകതമൂലം ദേവസ്വം ബോർഡിന് ഏതെങ്കിലും തരത്തിൽ നഷ്ടമുണ്ടായാൽ ആയത് കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ സൽപ്പേരിന് ഉണ്ടാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകാൻ കരാറുകാരൻ ബാധ്യസ്ഥനുമാണ്.

22. നിലയ്ക്കൽ ദേവസ്വത്തിലെ അരവണ നിർമ്മാണം യന്ത്രവൽകരിക്കുന്ന കാലയളവ് വരെ മാത്രമായിരിക്കും കുത്തക അവകാശം അനുവദിക്കുന്നത്. യന്ത്രവൽകരണ അരവണ നിർമ്മാണം ആരംഭിക്കുന്ന മുറയ്ക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മുറയ്ക്കും കോൺട്രാക്റ്റ് അസാധുവാകുന്നതാണ്. ഇതിന്മേൽ കുത്തകക്കാരന് മറ്റ് തടസ്സവാദങ്ങൾ ഉന്നിയിക്കുന്നതിനോ, വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതിനോ യാതൊരു അവകാശവും ഇല്ലാത്തതാണ്. ടെന്ററിനോടൊപ്പം മുകളിൽ വിവരിക്കുന്ന പ്രകാരമുള്ള തുകയുടെ ഇം.എം.ഡി ഹാജരാക്കേണ്ടതും ടെന്റർ ലഭിക്കുന്നപക്ഷം മുകളിൽ വിവരിക്കുന്ന ക്രമത്തിൽ സെക്യൂരിറ്റി തുകയും ഹാജരാക്കേണ്ടതുമാണ്.
23. കുത്തക / ടെന്റർ എടുക്കുന്ന വ്യക്തിയക്ക് ശബരിമലയിലോ മറ്റ് പ്രധാന ക്ഷേത്രങ്ങളിലോ കുത്തക ഏറ്റെടുത്ത് നടത്തി കുറഞ്ഞത് ഒരു വർഷമെങ്കിലും മുൻ പരിചയം ഉണ്ടായിരിക്കേണ്ടതും ആയത് തെളിയിക്കുന്ന രേഖകൾ ടെൻഡെറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.
24.

| | |
|---|---|
| **ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി** | 23/09/2026 രാവിലെ 10 മണി |
| **ടെന്റർ തുറന്ന് പരിശോധിക്കുന്ന തീയതി** | 24/09/2026 രാവിലെ 10 മണി |

**(ഒപ്പ്)**
**ദേവസ്വം കമ്മീഷണർ**